Estd. May 20, 1887

# *Catholic Archbishop's House*

P.B.No.706, Trichur – 680 005
Kerala, India

822/2020 C-4 **സർക്കുലർ**

01.04.2020 **വിശുദ്ധവാര തിരുക്കർമ്മങ്ങൾ**

യേശുവിൽ സ്നേഹം നിറഞ്ഞ ബഹു. വൈദികരേ, ബഹു. സമർപ്പിതരെ, പ്രിയ സഹോദരീസഹോദരന്മാരേ,

ഈശോയുടെ പീഡാസഹനങ്ങളെയും ഉത്ഥാനത്തെയും അനുസ്മരിക്കുന്ന വിശുദ്ധവാരത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. ലോകം മുഴുവൻ കൊറോണ വൈറസ് ബാധയുടെ ദുരിതം പേറുന്ന സങ്കടകരമായ ഈ അവസ്ഥയിൽ മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി പീഢകൾ സഹിച്ച് മരണത്തെ ജയിച്ച യേശുനാഥനോട് ചേർന്ന് ലോകരക്ഷയ്ക്കായി നമുക്കും പ്രാർത്ഥിക്കാം. ഈ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാന സർക്കാരും ആരോഗ്യവകുപ്പും സഭാ നേതൃത്വവും നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ നമുക്ക് കടമയുണ്ട്.

പ. സിംഹാസനവും സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പും സി. ബി. സി. ഐ. അദ്ധ്യക്ഷനും ആരാധനക്രമത്തെക്കുറിച്ച് നൽകിയിരിക്കുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ അതിരൂപതയിലെ വിശുദ്ധവാര ആചരണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

1. നിലവിലുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഈ വർഷത്തെ വിശുദ്ധവാര തിരുക്കർമ്മങ്ങൾ വിശ്വാസികളുടെ പങ്കാളിത്തമില്ലാതെയാണ് നടത്തേണ്ടത്.

2. ബഹുമാനപ്പെട്ട വൈദികർ, സാധാരണ നിലയിൽ അതത് ദൈവാലയങ്ങളിലാണ് തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടത്. അതിൽ പങ്കെടുക്കുന്നവരുടെ എണ്ണം 5 പേരിൽ താഴെയാണെന്ന് (നിലവിലുള്ള നിർദ്ദേശമനുസരിച്ച്) ബ. അച്ചന്മാർ ഉറപ്പു വരുത്തേണ്ടതാണ്.

3. ദൈവാലയത്തിൽ വിശുദ്ധവാര തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത ഇപ്പോഴത്തെ സാഹചര്യത്തിൽ, മാധ്യമങ്ങളിലൂടെയെങ്കിലും പങ്കെടുത്ത് പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യുന്നു. ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾ മീഡിയ കത്തോലിക്കാ (MEDIA CATHOLICA) വഴിയും, ടി.സി.വി., എ.സി.വി., ഷെക്ക്യ്ന എന്നീ ടി.വി. ചാനലുകൾ വഴിയും സംപ്രേക്ഷണം ചെയ്യുന്ന വിവരം ജനങ്ങളെ അറിയിക്കേണ്ടതാണ്.

4. ഓശാന ഞായറാഴ്ചയിലെ വിശുദ്ധ ബലിയിലും തിരുക്കർമ്മങ്ങളിലും പങ്കെടുക്കുന്ന ചുരുക്കം പേർക്ക് പ്രതീകാത്മകമായി മാത്രം കുരുത്തോലകൾ ആശീർവദിച്ചാൽ മതിയാകും. അന്ന് മറ്റുള്ളവർക്ക് കുരുത്തോലകൾ ആശീർവദിച്ച് വിതരണം ചെയ്യേണ്ടതില്ല.

5. പെസഹാവ്യാഴാഴ്ചയിലെ കാലുകഴുകൽ ശുശ്രൂഷ ഒഴിവാക്കേണ്ടതാണ്.

6. പീഡാനുഭവവെള്ളിയാഴ്ച കുരിശിന്റെ വഴിയും പരിഹാരപ്രദക്ഷിണവും ദൈവാലയത്തിന് പുറത്ത് നടത്താൻ പാടില്ല.

7. ആരാധനയ്ക്കും കൂദാശകൾക്കുമായുള്ള വത്തിക്കാനിലെ തിരുസംഘത്തിന്റെ നിർദ്ദേശമനുസരിച്ച് പീഡാനുഭവവെള്ളിയാഴ്ചയിലെ എല്ലാ തിരുക്കർമ്മങ്ങളും കൊറോണ വൈറസ് ബാധയിൽ നിന്ന് മോചനം ലഭിക്കുക എന്ന പ്രത്യേക നിയോഗത്തിനായി അർപ്പിക്കേണ്ടതാണ്.

**PH: 0487 – 2333325, 2338203, 2333542**
**Archbishop (P) : 0487 - 2332282, Archbishop Emeritus (P) 0487 - 2444444, Fax:2338204**
**E-mail : curiatcr@yahoo.com; Web : trichurarchdiocese.org**

8. വലിയ ശനിയാഴ്ചയിലെ തിരുക്കർമ്മങ്ങൾ നടത്തുമ്പോൾ ജനങ്ങൾക്ക് നല്കാൻ വേണ്ടി വെള്ളം വെഞ്ചരിക്കേണ്ടതില്ല.

9. ഉയിർപ്പുതിരുനാളിന്റെ കർമ്മങ്ങൾ രാവിലെയാണ് നടത്തേണ്ടത്.

10. അൻപതു നോമ്പിനുശേഷം പൊതുവായി നടത്താറുള്ള ആഘോഷപൂർവ്വകമായ വി.കുർബ്ബാന സ്വീകരണം ഈ സാഹചര്യത്തിൽ നടത്തുക സാധ്യമല്ല. ലോക്ക് ഡൗൺ പിൻവലിച്ചതിനുശേഷം ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നല്കുന്നതാണ്.

11. മന:സമ്മതവും വിവാഹവും നടത്തേണ്ടിവരുന്ന സാഹചര്യത്തിൽ ഗവൺമെന്റിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദ്ദേശമനുസരിച്ച്, അംഗസംഖ്യ പരിമിതപ്പെടുത്തി മാത്രം നടത്തേണ്ടതാണ്.

12. വിവാഹത്തിന് ഒരുക്കമായുള്ള ക്ളാസ്സുകൾ നടത്താൻ സാധിക്കാത്ത ഇപ്പോഴത്തെ സാഹചര്യത്തിൽ, വിവാഹവും മനസ്സമ്മതവും നടത്തേണ്ടി വരുമ്പോൾ, ആശീർവ്വദിക്കുന്നതിനു മുമ്പ് തന്നെ, വിവാഹത്തോടനുബന്ധിച്ചുള്ള ക്ലാസ്സുകളിൽ വിവാഹശേഷം പങ്കെടുക്കുമെന്നുള്ള സത്യവാങ്മൂലം അവരിൽനിന്ന് എഴുതി വാങ്ങേണ്ടതാണ്. കോവിഡ് 19 നിയന്ത്രണത്തിന്റെ ഇപ്പോഴത്തെ സാഹചര്യത്തിൽ വിവാഹപരസ്യം ഒഴിവാക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്.

13. രോഗീലേപനം നൽകേണ്ടിവരുന്ന അവസരത്തിൽ മുൻകരുതലുകൾ എടുക്കേണ്ടതും സ്പർശനങ്ങൾ ഒഴിവാക്കേണ്ടതുമാണ്. മൃതസംസ്കാരത്തിന് ആരോഗ്യവകുപ്പിന്റെയും പോലിസിന്റെയും നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

14. കോവീഡ് 19 കാലഘട്ടത്തെ തുടർന്നുള്ള അടിയന്തിര ആവശ്യങ്ങളിൽ സഹായിക്കുവാൻ സന്നദ്ധരായവരുടെ ഒരു ടീം ഇടവക തലത്തിലും അതിരൂപത തലത്തിലും സാന്ത്വനം സോഷ്യൽ അപ്പസ്റ്റോലെറ്റ് സെന്ററിന്റെ നേതൃത്വത്തിൽ SAVE Thrissur (Santhwanam Archdiocesan Volunteers at Emergency) എന്ന പേരിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. അതിലെ വിവിധ പ്രവർത്തനങ്ങൾക്കായി 16 മുതൽ 65 വയസ്സ് വരെയുള്ളവർക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. താഴെ കൊടുക്കുന്ന Link വഴിയാണ് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടത്. (https://forms.gle/b7N1PUABmHVutHCw9).

പ്രിയ സഹോദരീസഹോദരന്മാരേ, ഗവൺമെന്റ് ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുടുംബങ്ങൾക്ക് സഹായം നല്കുവാനായി ബഹു. വികാരിയച്ചൻമാർ പരിശ്രമിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ബഹു. അച്ചൻമാരേയും, അതിനായി പരിശ്രമിക്കുന്ന ഏവരേയും പ്രത്യേകമായി അഭിനന്ദിക്കുകയും അവരുടെ സന്മനസ്സിന് ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ലോക്ക് ഡൗൺ കാലഘട്ടം ഏപ്രിൽ 14 ന് തീരുമെന്ന് നേരത്തെ പ്രഖ്യാപിച്ചുട്ടുണ്ടെങ്കിലും അതിന്റെ കാലാവുധി നീട്ടുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുവാൻ പഞ്ചായത്ത്, സന്നദ്ധസംഘടനകൾ, കുടുംബകൂട്ടായ്മകൾ തുടങ്ങിയവ വഴി പ്രത്യേക സംവിധാനങ്ങൾ ഉണ്ടാക്കുവാൻ ഈ അവസരത്തിൽ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു.

Estd. May 20, 1887

*Catholic Archbishop's House*

P.B.No.706, Trichur – 680 005
Kerala, India

മാനവകുലത്തിന് രക്ഷനൽകുവാൻ പീഢാസഹനങ്ങൾ ഏറ്റുവാങ്ങിയ ക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങളിൽ പങ്കുചേരുന്ന നമുക്ക് ത്യാഗങ്ങളും പ്രാർത്ഥനകളും പങ്കുവയ്ക്കലും വഴി രക്ഷയുടെ അനുഭവം സഹോദരങ്ങൾക്ക് കൈമാറുവാൻ സാധിക്കട്ടെ. കോവിഡ് 19 പ്രതിസന്ധി പരിഹരിക്കുന്നതിലും രോഗീപരിചരണത്തിലും ഏർപ്പെട്ടിരിക്കുന്നവരായ ഭരണകർത്താക്കൾ, ശാസ്ത്രജ്ഞന്മാർ, ഡോക്ടർമാർ, നഴ്സുമാർ, സന്നദ്ധസേനാംഗങ്ങൾ, ബന്ധുക്കൾ തുടങ്ങിയവരെ നമുക്ക് പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കാം. രോഗികളുടെ സൗഖ്യത്തിനും രോഗം മൂലം മരിച്ചവരുടെ നിത്യശാന്തിക്കും ദു:ഖാർത്തരായ കുടുംബങ്ങൾക്ക് സമാധാനവും പ്രത്യാശയും ലഭിക്കുന്നതിനും വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ഈ ലോകം മുഴുവനേയും കർത്താവിന്റെ കരുണയ്ക്കായി നമുക്ക് സമർപ്പിക്കാം. കുരിശിലൂടെ ഉയിർപ്പിന്റെ മഹത്വത്തിലേയ്ക്ക് കർത്താവ് നമ്മെ നയിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ആഗതമാകുന്ന ഉയിർപ്പുതിരുന്നാളിന്റെ നന്മകളും അനുഗ്രഹവും പ്രാർത്ഥനയും നേർന്നുകൊണ്ട്,

നിങ്ങളുടെ വത്സല പിതാവ്

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

**PH: 0487 – 2333325, 2338203, 2333542**
**Archbishop (P) : 0487 - 2332282, Archbishop Emeritus (P) 0487 - 2444444, Fax:2338204**
**E-mail : curiatcr@yahoo.com; Web : trichurarchdiocese.org**